ഉത്തരം

പരിശോധിച്ചു വരുന്നു.

കഴിഞ്ഞ 5 വർഷങ്ങളിൽ പ്ലസ്ടു, വി.എച്ച്.എസ്.ഇ., ഐ.ടി.ഐ. മുതലായ കോഴ്സുകളിലെ സീറ്റും പ്രൈവറ്റ് രജിസ്ട്രേഷൻ ഫീസും

114 [3293] ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ 5 വർഷത്തെ പ്ളസ്ടു, വി.എച്ച്.എസ്.ഇ., എസ്.എസ്.എൽ.സി.-യുടെ അടിസ്ഥാനത്തിലുള്ള ഡിപ്ലോമ എന്നീ കോഴ്സുകളിലെ സീറ്റുകളുടെ എണ്ണം ഇനം തിരിച്ചും വർഷം തിരിച്ചും എത്രയെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിൽ ഓപ്പൺ സ്കൂൾ/പ്രൈവറ്റ് രജിസ്ട്രേഷൻ വഴി പ്ളസ്ടു പരീക്ഷകൾക്ക് ചേർന്നവരുടെ എണ്ണം കഴിഞ്ഞ 5 വർഷങ്ങളിലെ ഓരോ വർഷത്തേയും ഇനം തിരിച്ച് വ്യക്തമാക്കുമോ;

(സി) പ്രസ്തുത കോഴ്സുകൾക്ക് ഈ കാലയളവിലുണ്ടായിരുന്ന പ്രൈവറ്റ് രജിസ്ട്രേഷൻ ഫീസ് എത്രയെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) വിവരം ശേഖരിച്ചു വരുന്നു.

(ബി) ഉത്തരം അനുബന്ധമായി ചേർത്തിരിക്കുന്നു. †

(സി) 2003-ൽ ഹയർ സെക്കന്ററി പ്രൈവറ്റ് രജിസ്ട്രേഷൻ ഏർപ്പെടുത്തിയതു മുതൽ 500 രൂപയാണ് രജിസ്ട്രേഷൻ ഫീസ്.

കാസർഗോഡ് ജില്ലയിലെ ഹയർസെക്കന്ററി സ്കൂളുകൾക്ക് പ്ളസ്ടു കോഴ്സുകളിൽ വിഷയം മാറ്റുന്നതിന് നടപടി

115 [3294] ശ്രീ. എം. കുമാരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ എത്ര ഹയർ സെക്കന്ററി സ്കൂളുകളിൽ നിന്ന് പ്ളസ്ടു കോഴ്സുകളിൽ വിഷയമാറ്റം ലഭിക്കുന്നതിന് അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) അവ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(സി) ഈ അദ്ധ്യയന വർഷം ജില്ലയിൽ എത്ര സ്കൂളുകൾക്ക് കോഴ്സുകളിൽ മാറ്റം അനുവദിച്ചിട്ടുണ്ടെന്നും ആ സ്കൂളുകൾ ഏതൊക്കെയാണെന്നും വ്യക്തമാക്കാമോ;

---

† അനുബന്ധം IX

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ജില്ലയിൽ പ്ലസ്ടു കോഴ്സുകളിൽ മാറ്റം ആവശ്യപ്പെട്ടുകൊണ്ട് അപേക്ഷ നൽകിയ എല്ലാ സ്കൂളുകൾക്കും പ്രസ്തുത മാറ്റം അനുവദിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ ആന്റ് ബി) താഴെ പറയുന്ന അഞ്ച് സ്കൂളുകളിൽനിന്ന് അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. (1) ഗവ. ഹയർ സെക്കന്ററി സ്കൂൾ, ചെർക്കളം.

(2) ഗവ. ഹയർ സെക്കന്ററി സ്കൂൾ, പൈവാലിക നഗർ.

(3) ഗവ. ഹയർ സെക്കന്ററി സ്കൂൾ, കക്കാട്.

(4) ഗവ. ഹയർ സെക്കന്ററി സ്കൂൾ, പാദ്രെ.

(5) ഗവ. ഹയർ സെക്കന്ററി സ്കൂൾ, ബലാന്തോട്.

(സി) താഴെ പറയുന്ന രണ്ട് സ്കൂളുകൾക്ക് കോഴ്സ് മാറ്റം അനുവദിച്ചിട്ടുണ്ട്;

(1) ഗവ. ഹയർ സെക്കന്ററി സ്കൂൾ, ചെർക്കളം.

(2) ഗവ. ഹയർ സെക്കന്ററി സ്കൂൾ, പൈവാലിക നഗർ.

(ഡി) ഇക്കാര്യം സർക്കാർ പരിശോധിച്ചു വരികയാണ്.

പ്ലസ്ടു സ്കൂളിൽ സംസ്കൃതം രണ്ടാം ഭാഷയായി പഠിപ്പിക്കാൻ നടപടി

116 [3295] ശ്രീ. ജോർജ്ജ് ജെ. മാത്യു:

,, ഡൊമനിക് പ്രസന്റേഷൻ:

,, എൻ. ഡി. അപ്പച്ചൻ:

,, എ. പി. അനിൽകുമാർ:

,, തമ്പാനൂർ രവി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എത്ര സ്കൂളുകളിൽ പ്ലസ്ടുവിൽ സംസ്കൃതം സെക്കന്റ് ലാംഗേജ് ആയി പഠിപ്പിക്കുന്നുണ്ട്;

(ബി) സ്കൂൾ തലത്തിൽ സംസ്കൃതം പഠിച്ച പലർക്കും പ്ലസ്ടു തലത്തിൽ സംസ്കൃതം പഠിക്കാൻ കഴിയാതെ വരുന്നുണ്ടോ;

(സി) എത്ര കുട്ടികൾ സംസ്കൃതം പഠിക്കുവാൻ ഉണ്ടെങ്കിൽ ആണ് പ്ലസ്ടുവിന് സംസ്കൃതം അദ്ധ്യാപകനെ നിയമിക്കുവാൻ അനുവാദം നൽകുന്നത്;

(ഡി) ഒന്നിലധികം സ്കൂളുകളിലെ കുട്ടികളുടെ എണ്ണം കണക്കാക്കി സംസ്കൃതം പഠിപ്പിക്കുവാൻ ആ സ്കൂളുകൾക്കായി സംസ്കൃതം അദ്ധ്യാപകനെ നിയമിക്കാൻ നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly